**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2778** **10-03-2025 - ൽ മറുപടിയ്ക്ക്**

**കുറിച്ചി, മാടപ്പള്ളി ഐ.ടി.ഐ.-കളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാരിന്റെ കാലത്ത് പട്ടിക ജാതി വകുപ്പിന് കീഴിലുള്ള കുറിച്ചി, മാടപ്പള്ളി ഐ.ടി.ഐ.-കൾ നവീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാരിന്റെ കാലത്ത് പട്ടികജാതിവികസന വകുപ്പിന് കീഴിലുള്ള കുറുച്ചി, മാടപ്പള്ളി ഐ.ടി.ഐ.കൾ നവീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br><br>**കുറിച്ചി ഗവ ഐ.റ്റിഐ**<br><br>1.ഹോസ്റ്റലിലെ ഇലക്ട്രിക്കൽ അറ്റകുറ്റപ്പണികൾ<br><br>2. ചുറ്റു മതിലിന്റെ സുരക്ഷിതമല്ലാത്ത ഭാഗം പുന:നിർമ്മാണം<br><br>3. കുറിച്ചി ഐ.റ്റി.ഐ യിലെ നിലവിലുള്ള കിണറിന് മോട്ടോർ കണക്ഷൻ, വാട്ടർടാങ്ക്, അനുബന്ധ പൈപ്പ് കണക്ഷൻ<br><br>4. പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റത്തിന് തുക<br><br>5. ഓഫീസ് കമ്പ്യൂട്ടറിന് തുക<br><br>6. ഫർണിച്ചർ വാങ്ങുന്നതിന് തുക<br><br>7. ഫോട്ടോകോപ്പിയർ വാങ്ങുന്നതിന് തുക<br><br>**മാടപ്പള്ളി ഗവ ഐ.റ്റി.ഐ**<br><br>1. ഫോട്ടോകോപ്പിയർ വാങ്ങുന്നതിന് തുക<br><br>2. ഓഫീസ് കമ്പ്യൂട്ടർ, യു.പി.എസ് എന്നിവയ്ക്ക് തുക<br><br>3. പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റത്തിന് തുക |
| (ബി) | ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ? | (ബി) | ഓരോ പ്രവർത്തികൾക്കും അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>**കുറിച്ചി ഗവ. ഐ.റി.ഐ** |

| | | | |
|---|---|---|---|
| | | | 1. ഹോസ്റ്റൽ - ഇലക്ട്രിക്കൽ - അറ്റകുറ്റപ്പണികൾ - 4,25,800/- രൂപ<br><br>2. ചുറ്റുമതിൽ - സുരക്ഷിതമല്ലാത്ത ഭാഗത്തിന്റെ പുന:നിർമ്മാണം — 9,70,000/- രൂപ<br><br>3. മോട്ടോർ കണക്ഷൻ, വാട്ടർ ടാങ്ക്, അനുബന്ധ പൈപ്പ് കണക്ഷൻ സ്ഥാപിച്ചതിന്- 1,03,000/- രൂപ<br><br>4. പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം - 50,000/- രൂപ<br><br>5. ഓഫീസ് കമ്പ്യൂട്ടറിന് തുക അനുവദിച്ചത്- 33,154/- രൂപ<br><br>6. ഫർണിച്ചർ വാങ്ങുന്നതിന് 96,216/- രൂപ<br><br>7. ഫോട്ടോകോപ്പിയർ വാങ്ങുന്നതിന് തുക അനുവദിച്ചത് — 59,805/- രൂപ<br><br>**മാടപ്പള്ളി ഗവ. ഐ.റ്റി.ഐ**<br><br>1. ഫോട്ടോകോപ്പിയർ വാങ്ങുന്നതിന് തുക അനുവദിച്ചത് — 59,805/- രൂപ<br><br>2. പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം - 50,000/- രൂപ<br><br>3. ഓഫീസ് കമ്പ്യൂട്ടർ, യു.പി.എസ് എന്നിവയ്ക്ക് തുക അനുവദിച്ചത് — 39,124/- രൂപ<br><br>ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്

(നിലവിൽ: എം.ജി. രാജമാണിക്യം ഐ.എ.എസ്)

വിഷയം:- പട്ടികജാതി വികസനം- വകുപ്പിന് കീഴിലുള്ള കുറിച്ചി ഐ.റ്റി.ഐ - ഹോസ്റ്റൽ ഇലക്ട്രിക്കൽ അറ്റകുറ്റ പണികൾക്ക് - തുക അനുവദിച്ചുത്തരവാകുന്നു.

പരാമർശം:- ദക്ഷിണമേഖല ട്രെയിനിംഗ് ഇൻസ്പെക്ടറുടെ 11-05-2022 ലെ എ) 4-440/22 നമ്പർ കത്ത്.

No:SCDD/3362/2022-T1(TECH) Date:07/06/2022

പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള ദക്ഷിണമേഖലയുടെ പരിധിയിൽ ഉൾപ്പെട്ട കുറിച്ചി ഐ.റ്റി.ഐ യിലെ ഹോസ്റ്റൽ മുറികളിലെ ഫാനുകൾ, ലൈറ്റുകൾ, സ്വിച്ച് ബോർഡുകൾ, സ്വിച്ചുകൾ എന്നിവയിൽ പലതും ഉപയോഗശൂന്യമായ അവസ്ഥയിലാണെന്നും കൂടാതെ ഹോസ്റ്റൽ വരാന്ത, ബാത്ത്റൂം എന്നിവിടങ്ങളിലെ വയറിംഗും, ലൈറ്റുകളും കേടായ അവസ്ഥയിലാണെന്നും ആയത് ഹോസ്റ്റൽ പ്രവർത്തനത്തെ ബാധിക്കുന്നുവെന്നും ആയതിനാൽ മേൽ സൂചിപ്പിച്ചവ റിപ്പയർ ചെയ്യുന്നതിനും റിപ്പയർ ചെയ്യാനാകാത്തവ മാറ്റി സ്ഥാപിക്കുന്നതിനും പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ സബ് ഡിവിഷൻ അസി. എക്സി. എഞ്ചിനീയർ, കോട്ടയം തയ്യാറാക്കിയ 4,25,800/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് അനുമതി നൽകണമെന്ന് സൂചന പ്രകാരം ദക്ഷിണമേഖല ട്രെയിനിംഗ് ഇൻസ്പെക്ടർ അപേക്ഷിച്ചിട്ടുണ്ട്.

കുറിച്ചി ഐ.റ്റി.ഐ യിലെ ഹോസ്റ്റൽ മുറികളിൽ ഇലക്ട്രിക്കൽ അറ്റകുറ്റ പണികൾ നടത്തേണ്ടത് ഹോസ്റ്റലിന്റെ സുഗമമായ പ്രവർത്തനത്തിന് അത്യാവശ്യമായതിനാൽ സൂചന പ്രകാരം സമർപ്പിച്ച എസ്റ്റിമേറ്റ് അംഗീകരിക്കാവുന്നതാണെന്ന് കാണുന്നു.

മേൽ സാഹചര്യത്തിൽ കുറിച്ചി ഐ.റ്റി.ഐ യിൽ മേൽ പരാമർശിച്ച ഇലക്ട്രിക്കൽ വയറിംഗ് അറ്റകുറ്റ പണികൾ ചെയ്യുന്നതിന് പൊതുമരാമത്ത് വകുപ്പ്, ഇലക്ട്രിക്കൽ സബ് ഡിവിഷൻ അസി. എക്സി.എൻജിനീയർ, കോട്ടയം തയ്യാറാക്കിയ എസ്റ്റിമേറ്റ് അംഗീകരിച്ച് എസ്റ്റിമേറ്റ് പ്രകാരമുള്ള 4,25,800/- രൂപ (നാല് ലക്ഷത്തി ഇരുപത്തി അയ്യായിരത്തി എണ്ണൂറ് രൂപ മാത്രം) അനുവദിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ഇതിലേയ്ക്കാവശ്യമായ തുക നടപ്പു സാമ്പത്തിക വർഷത്തെ 2225-01-277-57-34-OC (Plan) എന്ന ശീർഷകത്തിൽ നിന്നും ദക്ഷിണമേഖല ട്രെയിനിംഗ് ഇൻസ്പെക്ടർ തേർച്ച ചെയ്ത് എക്സി.എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം, കോട്ടയത്തിന് നിയമാനുസരണം നൽകേണ്ടതും, പ്രവൃത്തിയുടെ പൂർത്തീകരണം, തുക വിനിയോഗ വിവരം എന്നിവ സമയ ബന്ധിതമായി ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതുമാണ്. പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ സബ് ഡിവിഷൻ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ 3 മാസത്തിനകം പ്രവൃത്തി

പൂർത്തിയാക്കേണ്ടതും പൂർത്തികരണ ധനവിനിയോഗ വിവരങ്ങൾ ദക്ഷിണമേഖല ട്രെയിനിംഗ് ഇൻസ്പെക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)
ഡയറക്ടർ

ട്രെയിനിംഗ് ഇൻസ്പെക്ടർ, ദക്ഷിണമേഖല, തിരുവനന്തപുരം

പകർപ്പ്:-

1) എക്സി.എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, കെട്ടിട വിഭാഗം, കോട്ടയം
2) അസി. എക്സി.എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കോട്ടയം
3) ഫിനാൻസ് സെക്ഷൻ (ഫ ...ട്ട്മെന്റ് നൽകുന്നതിന്)
4) ട്രെയിനിംഗ് ഓഫീസർ
5) പ്ലാനിങ് & മോണിറ്ററിംഗ് സെക്ഷൻ
6) സ്റ്റോക്ക് ഫയൽ/കരുതൽ ഫയൽ

ഡയറക്ടർക്കു വേണ്ടി
ട്രെയിനിംഗ് ഓഫീസർ(I/C)

## പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്

(ഹാജർ: കെ.ഗോപാലകൃഷ്ണൻ ഐ.എ.എസ് )

വിഷയം: പട്ടികജാതി വികസനം - കുറിച്ചി ഐ.ടി.ഐ - ചുറ്റുമതിലിന്റെ സുരക്ഷിതമല്ലാത്ത ഭാഗം പുനർ നിർമ്മാണം നടത്തുന്നതിന് തുക അനുവദിച്ചുത്തരവാകുന്നു.

പരാമർശം: ദക്ഷിണ മേഖല ട്രെയിനിംഗ് ഇൻസ്പെക്ടറുടെ 28/03/2023 ലെ TISZ-TVM-42/2023-A4 നമ്പർ കത്ത്.

No:SCDD/2081/2023-T1(TECH) Date:21-06-2023

പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള ദക്ഷിണമേഖലയുടെ പരിധിയിൽ ഉൾപ്പെട്ട കുറിച്ചി ഐ.ടി.ഐ യിലെ ചുറ്റുമതിലിന്റെ കുറച്ച് ഭാഗം കാലപ്പഴക്കത്താൽ നശിച്ച അവസ്ഥയിൽ ആകുന്നതും ആയതിനാൽ ആ ഭാഗവും സുരക്ഷിതമല്ലാത്ത മറ്റു ഭാഗങ്ങളും പുനർനിർമ്മിക്കേണ്ടത് അത്യാവശ്യമായതിനാൽ ഭരണാനുമതിയും തുകയും നൽകുന്നതിന് പരാമർശ പ്രകാരം ദക്ഷിണമേഖല ട്രെയിനിംഗ് ഇൻസ്പെക്ടർ അപേക്ഷിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്കായി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സി. എൻജിനിയർ, കോട്ടയം തയ്യാറാക്കിയ 9,70,000/- രൂപയുടെ (ഒൻപത് ലക്ഷത്തി എഴുപതിനായിരം രൂപ മാത്രം) എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്.

കുറിച്ചി ഐ.ടി.ഐ യിലെ ചുറ്റുമതിലിന്റെ അപകടാവസ്ഥയിലുള്ള ഭാഗങ്ങൾ പുതുക്കി പണിയേണ്ടത് സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിന് അനിവാര്യമാണെന്ന് കാണുന്നു. ഈ സാഹചര്യത്തിൽ ടി ഐ.ടി.ഐ യിലെ ചുറ്റുമതിലിന്റെ സുരക്ഷിതമല്ലാത്ത ഭാഗങ്ങൾ പുനർനിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സി. എഞ്ചിനിയർ, കോട്ടയം തയ്യാറാക്കിയ 9,70,000/- രൂപയുടെ (ഒൻപത് ലക്ഷത്തി എഴുപതിനായിരം രൂപ മാത്രം) എസ്റ്റിമേറ്റ് അംഗീകരിച്ചുകൊണ്ടും തുക അനുവദിച്ചു കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ഇതിലേയ്ക്കാവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷത്തെ 2225-01-277-57-34 (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും ദക്ഷിണമേഖല ട്രെയിനിംഗ് ഇൻസ്പെക്ടർ തേർച്ച് ചെയ്ത്

SCDD/2081/2023-T1 (TECH)

/2023

പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സി. എൻജിനീയർ കോട്ടയത്തിന് നിയമാനുസൃതം നൽകേണ്ടതും പ്രവൃത്തിയുടെ പുരോഗതി, പൂർത്തീകരണ/തുക വിനിയോഗ വിവരം എന്നിവ സമയബന്ധിതമായി ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)

ഡയറക്ടർ

ട്രെയിനിംഗ് ഇൻസ്പെക്ടർ, ദക്ഷിണമേഖല, തിരുവനന്തപുരം.

പകർപ്പ്:-

1) എക്സി. എൻജിനീയർ, പൊതുമരാമത്ത് വകുപ്പ്, കെട്ടിട വിഭാഗം, കോട്ടയം.
2) അസി. എക്സി. എൻജിനീയർ, പൊതുമരാമത്ത് വകുപ്പ്, കെട്ടിട ഉപ വിഭാഗം, കോട്ടയം.
3) അസി. എൻജിനീയർ, പൊതുമരാമത്ത് വകുപ്പ്, കെട്ടിട വിഭാഗം സെക്ഷൻ,ചങ്ങനാശ്ശേരി
4) ഫിനാൻസ് സെക്ഷൻ (അലോട്ട്മെന്റ് നൽകുന്നതിന്)
5) പ്ലാനിങ് & മോണിറ്ററിംഗ് സെക്ഷൻ
6) ട്രെയിനിംഗ് സൂപ്രണ്ട്, കുറിച്ചി ഐ.റ്റി.ഐ
7) സ്റ്റോക്ക് ഫയൽ / സ്പെയർ

ഡയറക്ടർക്ക് വേണ്ടി

ട്രെയിനിംഗ് ഓഫീസർ(I/C)

## പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്

(നിലവിൽ: Dr. വീണ എൻ മാധവൻ ഐ.എ.എസ് (I/C) )

| | |
|---|---|
| വിഷയം:- | പട്ടികജാതി വികസനം - കുറിച്ചി ഐ.റ്റി.ഐ - നിലവിലുള്ള കിണറിന് മോട്ടോർ കണക്ഷൻ, വാട്ടർ ടാങ്ക്, അനുബന്ധ പൈപ്പ് കണക്ഷൻ എന്നിവ സ്ഥാപിക്കുന്നതിന് തുക അനുവദിച്ചുത്തരവാകുന്നു. |
| പരാമർശം:- | ദക്ഷിണ മേഖല ട്രെയിനിംഗ് ഇൻസ്പെക്ടറുടെ 28-03-23 ലെ ITSZ/TVM/43/2023-A4 നമ്പർ കത്ത്. |

No:SCDD/2078/2023-T1(TECH) Date:07-06-2023

പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള ദക്ഷിണമേഖലയുടെ പരിധിയിൽ ഉൾപ്പെട്ട കുറിച്ചി ഐ.റ്റി.ഐ യിലെ നിലവിലുള്ള കിണറിന് മോട്ടോർ കണക്ഷൻ ഇല്ലാത്തതുകൊണ്ട് വെള്ളം കോരിയെടുത്താണ് ഉപയോഗിക്കുന്നതെന്നും ആയതിനാൽ കിണർ വെള്ളം സുഗമമായി ഉപയോഗിക്കുന്നതിന് മോട്ടോർ കണക്ഷൻ, വാട്ടർ ടാങ്ക്, പൈപ്പ് കണക്ഷൻസ് എന്നിവ സ്ഥാപിക്കേണ്ടത് അത്യാവശ്യമായതിനാൽ ഭരണാനുമതിയും തുകയും നൽകുന്നതിന് പരാമർശപ്രകാരം ദക്ഷിണമേഖല ട്രെയിനിംഗ് ഇൻസ്പെക്ടർ അപേക്ഷിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്കായി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സി. എൻജിനീയർ, കോട്ടയം തയ്യാറാക്കിയ 1,03,000/- രൂപയുടെ (ഒരു ലക്ഷത്തി മൂവായിരം രൂപ മാത്രം) എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്.

കുറിച്ചി ഐ.റ്റി.ഐ യിലെ കിണർ വെള്ളം സുഗമമായി ഉപയോഗിക്കുന്നതിന് മോട്ടോർ, വാട്ടർ ടാങ്ക്, പൈപ്പ് കണക്ഷൻസ് എന്നിവ സ്ഥാപിക്കേണ്ടത് അനിവാര്യമാണെന്ന് കാണുന്നു. മേൽ സാഹചര്യത്തിൽ ടി ഐ.റ്റി.ഐ യിൽ പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിലേയ്ക്ക് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സി. എഞ്ചിനീയർ, കോട്ടയം തയ്യാറാക്കിയ 1,03,000/- രൂപയുടെ (ഒരു ലക്ഷത്തി മൂവായിരം രൂപ മാത്രം) എസ്റ്റിമേറ്റ് അംഗീകരിച്ചുകൊണ്ടും തുക അനുവദിച്ചു കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ഇതിലേയ്ക്കാവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷത്തെ 2225-01-277-57-34 (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും ദക്ഷിണമേഖല ട്രെയിനിംഗ് ഇൻസ്പെക്ടർ ട്രേർച്ച ചെയ്ത് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സി. എൻജിനീയർ കോട്ടയത്തിന് നിയമാനുസൃതം

[illegible] പ്രവൃത്തിയുടെ പുരോഗതി, പൂർത്തീകരണ/ഉപയോഗ [illegible] എന്നിവ [illegible] ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)

ഡയറക്ടർ

[illegible] ഡയറക്ടർ, ദക്ഷിണ മേഖല, തിരുവനന്തപുരം

പകർപ്പ്:-

1) എക്സി. എൻജിനീയർ, പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം), കോട്ടയം.
2) എക്സി. എൻജിനീയർ, പൊതുമരാമത്ത് വകുപ്പ് (കെട്ടിട ഉപവിഭാഗം), കോട്ടയം.
3) അസി. എൻജിനീയർ, പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം), ചങ്ങനാശ്ശേരി.
4) ഫിനാൻസ് സെക്ഷൻ (അലോട്ട്മെന്റ് നൽകുന്നതിന്)
5) പ്ലാനിങ് & മോണിറ്ററിംഗ് സെക്ഷൻ
6) ട്രെയിനിംഗ് സൂപ്രണ്ട്, കറിച്ചി ഐ.റ്റി.ഐ
7) സ്റ്റോക്ക് ഫയൽ / സ്പെയർ

ഡയറക്ടർക്ക് വേണ്ടി

ട്രെയിനിംഗ് ഓഫീസർ (I/C)

# പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്
## (നിലവിൽ: എം.ജി. രാജമാണിക്യം ഐ.എ.എസ് )

വിഷയം: പട്ടികജാതി വികസനം - ദക്ഷിണമേഖലയുടെ കീഴിലുള്ള വിവിധ ഐ.റ്റി.ഐ കളിലേയ്ക്ക് പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം സ്ഥാപിയ്ക്കുന്നതിന് തുക അനുവദിച്ച് ഉത്തരവാകുന്നു.

സൂചന: 1) ദക്ഷിണമേഖല ട്രെയിനിംഗ് ഇൻസ്പെക്ടറുടെ 14-02-2020 ലെ എ4-278/2018 നമ്പർ കത്ത്.

2) ദക്ഷിണമേഖല ട്രെയിനിംഗ് ഇൻസ്പെക്ടറുടെ 01-12-2020 ലെ എ4-278/2018 നമ്പർ കത്ത്.

---

ഉത്തരവ് നമ്പർ റ്റി1-15145/16 തീയതി: 27-07-2021

---

പട്ടികജാതി വികസന വകുപ്പിന് കീഴിൽ ദക്ഷിണമേഖലയുടെ പരിധിയിൽ ഉൾപ്പെടുന്ന വിവിധ ഐ.റ്റി.ഐ കളിൽ പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിനായി വിവിധ ജില്ലകളിലെ പി.ഡബ്ല്യു.ഡി ഇലക്ട്രോണിക്സ് സെക്ഷൻ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ തയ്യാറാക്കിയ എസ്റ്റിമേറ്റുകൾ അംഗീകരിച്ച് ആകെ 11,51,000/- രൂപയുടെ ഭരണാനുമതി നൽകണമെന്ന് സൂചന (1), (2) എന്നിവ പ്രകാരം ദക്ഷിണമേഖല ട്രെയിനിംഗ് ഇൻസ്പെക്ടർ അപേക്ഷിച്ചിരുന്നു.

ദക്ഷിണമേഖല ട്രെയിനിംഗ് ഇൻസ്പെക്ടറുടെ ശുപാർശ വിശദമായി പരിശോധിച്ചതിൽ പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം സ്ഥാപിയ്ക്കുന്നതിന് ചുവടെ ചേർക്കും പ്രകാരം തുക അനുവദിച്ച് നൽകേണ്ടത് ആവശ്യമാണെന്ന് കാണുന്നു.

| ക്രമ നം. | ഐ.റ്റി.ഐ യുടെ പേര് | ഇനം | തുക |
|---|---|---|---|
| 1. | കാഞ്ഞിരംകുളം | പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം | 74000.00 |
| 2. | മരിയാപുരം | പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം | 74000.00 |
| 3. | ശ്രീകാരമത്താപ്പ് | പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം | 74000.00 |
| 4. | അഞ്ചാമട | പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം | 74000.00 |
| 5. | കടകംപള്ളി | പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം | 74000.00 |
| 6. | ആറ്റിപ്ര | പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം | 74000.00 |
| 7. | പെരുമല | പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം | 74000.00 |
| 8. | വർക്കല | പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം | 74000.00 |
| 9. | ഇടയ്ക്കോട് | പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം | 74000.00 |
| 10. | വെട്ടിക്കവല | പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം | 74000.00 |
| 11. | കുളക്കട | പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം | 74000.00 |
| 12 | സഹിമവാതങ്കപുരം | പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം | 50000.00 |

| | | | |
|---|---|---|---|
| 13 | മാടപ്പള്ളി | പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം | 50000.00 |
| 14. | മധുരവേലി | പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം | 50000.00 |
| 15. | നെടുങ്കാവു വയൽ | പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം | 50000.00 |
| 16. | മാവേലിക്കര | പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം | 63000.00 |
| | ആകെ | | 10,77,000.00 |
| | (പത്ത് ലക്ഷത്തി എഴുപത്തിയേഴായിരം രൂപ മാത്രം) | | |

മേൽ സാഹചര്യത്തിൽ ദക്ഷിണ മേഖലയുടെ കീഴിൽ മേൽ പരാമർശിച്ച ഐ.റ്റി.ഐ കളിൽ പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം സ്ഥാപിയ്ക്കുന്നതിനായി തിരുവനന്തപുരം, കോട്ടയം ജില്ലകളിലെ പി.ഡബ്ല്യു.ഡി അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇലക്ട്രോണിക്സ് സബ് ഡിവിഷൻ തയ്യാറാക്കിയ എസ്റ്റിമേറ്റ് അംഗീകരിച്ച് 10,77,000/- രൂപ (പത്ത് ലക്ഷത്തി എഴുപത്തിയേഴായിരം രൂപ മാത്രം) അനുവദിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ഇതിലേയ്ക്കാവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷത്തെ 2225-01-277-57-34-OC (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും ദക്ഷിണമേഖല ട്രെയിനിംഗ് ഇൻസ്പെക്ടർ തേർച്ച ചെയ്ത് എക്സി. എഞ്ചിനീയർ, ഇലക്ട്രോണിക്സ് വിംഗ്, പി.ഡബ്ല്യു.ഡി തിരുവനന്തപുരത്തിന് നിയമാനുസരണം നൽകേണ്ടതും പ്രവൃത്തിയുടെ പൂർത്തീകരണം, തുക വിനിയോഗ വിവരം എന്നിവ സമയബന്ധിതമായി ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതുമാണ്. പൊതുമരാമത്ത് ഇലക്ട്രോണിക്സ് വിഭാഗം അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം സ്ഥാപിയ്ക്കുന്ന പ്രവൃത്തി 3 മാസത്തിനകം പൂർത്തിയാക്കേണ്ടതും, തുക വിനിയോഗ വിവരങ്ങളും, പൂർത്തീകരണ വിവരങ്ങളും ദക്ഷിണമേഖല ട്രെയിനിംഗ് ഇൻസ്പെക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. ദക്ഷിണമേഖല ട്രെയിനിംഗ് ഇൻസ്പെക്ടർ മേൽ പരാമർശിച്ച എല്ലാ ഐ.റ്റി.ഐ കളിലെയും പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം പ്രവർത്തനക്ഷമമാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

(ഒപ്പ്)
ഡയറക്ടർ

ട്രെയിനിംഗ് ഇൻസ്പെക്ടർ, ദക്ഷിണമേഖല

പകർപ്പ്:

1) എക്സി. എഞ്ചിനീയർ, ഇലക്ട്രോണിക്സ് വിംഗ്, പി.ഡബ്ല്യു.ഡി, തിരുവനന്തപുരം.
2) അസി. എക്സി. എഞ്ചിനീയർ, പി.ഡബ്ല്യു.ഡി ഇലക്ട്രോണിക്സ് സബ് ഡിവിഷൻ, തിരുവനന്തപുരം
3) അസി. എക്സി. എഞ്ചിനീയർ, പി.ഡബ്ല്യു.ഡി ഇലക്ട്രോണിക്സ് സബ് ഡിവിഷൻ, കോട്ടയം.
4) ബന്ധപ്പെട്ട സൂപ്രണ്ടുമാർക്ക്
5) ട്രെയിനിംഗ് ഓഫീസർ
6) ടെക്നിക്കൽ സെക്ഷൻ
7) ഫിൻ എ സെക്ഷൻ (അലോട്ട്മെന്റ് നൽകുന്നതിന്)
8) പ്ലാനിംഗ് സെക്ഷൻ (അറിവിലേയ്ക്കായി)
9) കരുതൽ ഫയൽ/ അധികം

ഡയറക്ടർക്കുവേണ്ടി,
ട്രെയിനിംഗ് ഓഫീസർ

## പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്

(നിലവിൽ: എം.ജി. രാജമാണിക്യം ഐ.എ.എസ് )

വിഷയം: പട്ടികജാതി വികസനം - ദക്ഷിണമേഖല - എസ്.പി കോളനി (സചിവോത്തമപുരം) ഐ.ടി.ഐ യിലെ ഓഫീസ് ആവശ്യത്തിന് ഒരു കമ്പ്യൂട്ടർ CPRCS മുഖേന വാങ്ങുന്നതിന് അനുമതി നൽകി കൊണ്ടും തുക അനുവദിച്ചുകൊണ്ടും ഉത്തരവാകുന്നു.

സൂചന: ദക്ഷിണമേഖല ട്രെയിനിംഗ് ഇൻസ്പെക്ടറുടെ 05-03-21 ലെ എ2-60/2021 നമ്പർ കത്ത്.

---

ഉത്തരവ് നമ്പർ റ്റി3-5153/21 തീയതി: 02- 08-2021

---

പട്ടികജാതി വികസന വകുപ്പിന്റെ ദക്ഷിണമേഖലയുടെ കീഴിലുള്ള എസ്.പി കോളനി ഐ.ടി.ഐ യിലെ ഓഫീസ് ആവശ്യത്തിനായി ഉപയോഗിച്ചിരുന്ന കമ്പ്യൂട്ടർ നിരന്തര ഉപയോഗത്താലും കാലപ്പഴക്കത്താലും കേടായതായും, പി.ഡബ്ല്യു.ഡി അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രോണിക്സ് വിഭാഗം) കോട്ടയത്തിന്റെ പരിശോധന റിപ്പോർട്ട് പ്രകാരം പ്രസ്തുത കമ്പ്യൂട്ടർ റിപ്പയർ ചെയ്യുന്നത് ലാഭകരമല്ലെന്നും, ആയതിനാൽ Desktop Medium end win 10 Home with intel processor എന്ന configuration ൽ ഉള്ള ഒരു പുതിയ കമ്പ്യൂട്ടർ cprcs.kerala.gov.in വഴി വാങ്ങുന്നതിന് CPRCS (Centralised Procurement Rate Contract System) ൽ നിന്ന് ലഭ്യമായ 33154/- രൂപയുടെ ഇൻവോയ്സ് സഹിതം ദക്ഷിണമേഖല ട്രെയിനിംഗ് ഇൻസ്പെക്ടർ സൂചന പ്രകാരം ശുപാർശ സമർപ്പിച്ചിരിക്കുന്നു.

ദക്ഷിണമേഖല ട്രെയിനിംഗ് ഇൻസ്പെക്ടറുടെ ശുപാർശ വിശദമായി പരിശോധിച്ചതിൽ എസ്.പി കോളനി ഐ.ടി.ഐ യുടെ സുഗമമായ ഓഫീസ് പ്രവർത്തനത്തിന് ഒരു പുതിയ കമ്പ്യൂട്ടർ വാങ്ങേണ്ടത് അനിവാര്യമാണെന്ന് കാണുന്നു.

മേൽ സാഹചര്യത്തിൽ എസ്.പി കോളനി ഐ.ടി.ഐ യുടെ ഓഫീസിലെ ഉപയോഗത്തിന് Desktop Medium end win 10 Home with intel processor എന്ന configuration ൽ ഉള്ള ഒരു പുതിയ കമ്പ്യൂട്ടർ CPRCS ന്റെ cprcs.kerala.gov.in മുഖേന വാങ്ങുന്നതിന് ദക്ഷിണ മേഖല ട്രെയിനിംഗ് ഇൻസ്പെക്ടർക്ക് അനുമതി നൽകിക്കൊണ്ടും ഇതിലേയ്ക്കാവശ്യമായ തുകയായ 33,154/- രൂപ (മുപ്പത്തി മൂവായിരത്തി ഒരുനൂറ്റി അൻപത്തി നാല് രൂപ മാത്രം) അനുവദിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ഇതിലേയ്ക്കാവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷത്തെ 2225-01-277-57-34-OC (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്ന് തേർച്ച ചെയ്യാവുന്നതാണ്.

ദക്ഷിണമേഖല ട്രെയിനിംഗ് ഇൻസ്പെക്ടർ SPR നടപടി ക്രമം കർശനമായി പാലിച്ച് പ്രവൃത്തി പൂർത്തീകരിക്കേണ്ടതും ധനവിനിയോഗ വിവരം ബിൽ പകർപ്പുകൾ, സ്റ്റോക്ക് സർട്ടിഫിക്കറ്റ് എന്നിവ സഹിതം വിവരം സമയബന്ധിതമായി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(ഒപ്പ്)
ഡയറക്ടർ

ട്രെയിനിംഗ് ഇൻസ്പെക്ടർ, ദക്ഷിണമേഖല

പകർപ്പ്:
1) ട്രെയിനിംഗ് സൂപ്രണ്ട് & പ്രിൻസിപ്പാൾ, എസ്.പി കോളനി ഐ.ടി.ഐ
2) ഫിനാൻസ് എ സെക്ഷൻ (തുക അലോട്ട് ചെയ്യുന്നതിന്)
3) പ്ലാനിംഗ് സെക്ഷൻ (അറിവിലേയ്ക്ക്)
4) ട്രെയിനിംഗ് ഓഫീസർ
5) കരുതൽ ഫയൽ/ അധികം

ഡയറക്ടർക്കുവേണ്ടി
അഡീഷണൽ ഡയറക്ടർ

## പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്

**(നിലവിൽ: അഞ്ജു. കെ.എസ് ഐ എ എസ്.)**

വിഷയം:- പട്ടികജാതി വികസനം- ദക്ഷിണമേഖല - എസ് പി കോളനി (കറിച്ചി) ഐ റ്റി ഐ യിൽ അത്യാവശ്യമുള്ള ഫർണിച്ചർ വാങ്ങിയതിന്റെ തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:- 1) പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 27-06-2022 ലെ ഇതേ നം ഉത്തരവ്

2) ദക്ഷിണമേഖല ട്രെയിനിംഗ് ഇൻസ്പെക്ടറുടെ 24-11-2022 ലെ എ4-359/22 നം കത്ത്

No:SCDD/3521/2022-T3(TECH) Date:27-12-2022

പട്ടികജാതി വികസന വകുപ്പിന്റെ ദക്ഷിണമേഖലയുടെ കീഴിലുള്ള എസ്.പി കോളനി (കറിച്ചി) ഐ.റ്റി.ഐ യിൽ ഐ. റ്റി .ഐയുടെ സുഗമമായ പ്രവർത്തനത്തിന് അത്യാവശ്യമുള്ള 4 ഇനം ഫർണിച്ചർ സ്റ്റോർ പർച്ചെയ്സ് റൂൾ നടപടിക്രമം പാലിച്ച് വാങ്ങുന്നതിന് ദക്ഷിണമേഖല ട്രെയിനിംഗ് ഇൻസ്പെക്ടർക്ക് അനുമതി നല്കിക്കൊണ്ട് സൂചന (1) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഫർണിച്ചർ വാങ്ങിയതായും ഫർണിച്ചറിന്റെ തുകയായ 96,216/- രൂപ ഫർണിച്ചർ വിതരണം ചെയ്ത Kerala Sidco എന്ന സ്ഥാപനത്തിന് വിതരണം ചെയ്യുന്നതിനായി അനുവദിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് ദക്ഷിണമേഖല ട്രെയിനിംഗ് ഇൻസ്പെക്ടർ സൂചന (2) പ്രകാരം ശുപാർശ സമർപ്പിച്ചിരിക്കുന്നു.

ദക്ഷിണ മേഖല ട്രെയിനിംഗ് ഇൻസ്പെക്ടറുടെ ശുപാർശ വിശദമായി പരിശോധിച്ചതിൽ എസ്.പി കോളനി (കറിച്ചി) ഐ.റ്റി.ഐ യിൽ സൂചന (1) ഉത്തരവ് പ്രകാരമുള്ള 4 ഇനം ഫർണിച്ചർ പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ എസ്.പി കോളനി (കറിച്ചി) ഐ.റ്റി.ഐ യിൽ വാങ്ങി നല്കിയതായും, പ്രസ്തുത ഫർണിച്ചർ ഗുണനിലവാരമുള്ളവയും, സ്പെസിഫിക്കേഷൻ പാലിക്കുന്നവയാണെന്നും ആയവ മേഖലാതല പർച്ചെയ്സ് കമ്മിറ്റിയുടെ അംഗീകാരത്തോടെ എസ്.പി കോളനി ഐ.റ്റി.ഐ ട്രെയിനിംഗ് സൂപ്രണ്ട് & പ്രിൻസിപ്പാൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെന്നും ദക്ഷിണമേഖല ട്രെയിനിംഗ് ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

എസ്.പി കോളനി ഐ.റ്റി.ഐ യുടെ സുഗമമായ പ്രവർത്തനത്തിന് പ്രസ്തുത ഫർണിച്ചർ അനിവാര്യമായതിനാലും Kerala Sidco എന്ന സ്ഥാപനം എസ്.പി കോളനി ഐ.റ്റി.ഐ യിൽ വിതരണം ചെയ്തതും സൂചന (1) ഉത്തരവ് പ്രകാരമുള്ളതുമായ ഫർണിച്ചർ ഗുണനിലവാരമുള്ളവയും, സ്പെസിഫിക്കേഷൻ പാലിക്കുന്നവയാണെന്നും ദക്ഷിണ മേഖല ട്രെയിനിംഗ് ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാലും ഫർണിച്ചർ വിതരണം ചെയ്ത Kerala Sidco എന്ന സ്ഥാപനത്തിന് വിതരണം ചെയ്യുന്നതിനായി ഫർണിച്ചറിന്റെ തുകയായ 96,216/- രൂപ ദക്ഷിണമേഖല ട്രെയിനിംഗ് ഇൻസ്പെക്ടർക്ക് അനുവദിക്കാവുന്നതാണെന്ന് കാണുന്നു.

BCDD/3621/2022-13 (TECH)

മേൽ സൂചനപ്രകാരം ദക്ഷിണമേഖല ട്രെയിനിംഗ് ഇൻസ്പെക്ടറുടെ ശുപാർശയിലെ ആവശ്യം അംഗീകരിച്ചുകൊണ്ട് എസ്.പി കോളനി ഐ.ടി.ഐ യിൽ പരിശീലന വിതരണം ചെയ്യ Kerala Bldoo എന്ന സാധനത്തിന് വിതരണം ചെയ്യുന്നതിനായി പരിശീലിപ്പിക്കുന്ന തുകയായ 96,216/- (തൊണ്ണൂറ്റിയാറായിരത്തി ഇരുന്നൂറ്റി പതിനാറ് രൂപ മാത്രം) ദക്ഷിണമേഖല ട്രെയിനിംഗ് ഇൻസ്പെക്ടർക്ക് അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു. ഇതിലേയ്ക്കാവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷത്തെ 2225-01-277-87-34-OC പ്ലാൻ എന്ന ശീർഷകത്തിൽ നിന്നും ചെലവ് ചെയ്യാവുന്നതാണ്.

ദക്ഷിണ മേഖല ട്രെയിനിംഗ് ഇൻസ്പെക്ടർ നിയമാനുസൃതം തുക മേൽ Kerala Bldo എന്ന സാധനത്തിന് വിതരണം ചെയ്യേണ്ടതും ബന്ധപ്പെട്ട രേഖകൾ സഹിതം ധനവിനിയോഗ വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(ഒപ്പ്)

ഡയറക്ടർ

ട്രെയിനിംഗ് ഇൻസ്പെക്ടർ,
ദക്ഷിണമേഖല, തിരുവനന്തപുരം

പകർപ്പ്:- 1) ട്രെയിനിംഗ് സൂപ്രണ്ട് & പ്രിൻസിപ്പാൾ,
എസ്.പി. കോളനി ഐ.ടി.ഐ
2) ഫിനാൻസ് സെക്ഷൻ (തുക അലോട്ട് ചെയ്യുന്നതിന്)
3) പ്ലാനിങ് & മോണിറ്ററിംഗ് സെക്ഷൻ (അറിവിലേയ്ക്ക്)
4) സ്റ്റോക്ക് ഫയൽ / കരുതൽ

ഡയറക്ടർക്കുവേണ്ടി
ട്രെയിനിംഗ് ഓഫീസർ

## പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്
## (നിലവിൽ: എം.ജി. രാജമാണിക്യം ഐ.എ.എസ്)

വിഷയം:- പട്ടികജാതി വികസനം- ദക്ഷിണമേഖല - എസ്. പി കോളനി ഐ റ്റി ഐ യിൽ CPRCS മുഖേന പുതുതായി ഒരു ഫോട്ടോകോപ്പിയർ വാങ്ങുന്നതിന് അനുമതി നല്കിക്കൊണ്ടും തുക അനുവദിച്ചുകൊണ്ടും ഉത്തരവാകുന്നു

പരാമർശം:- ദക്ഷിണമേഖല ട്രെയിനിംഗ് ഇൻസ്പെക്ടറുടെ 05/03/2022 ലെ എ 4-1419/19 നം കത്ത്

നം. SCDD/1976/2022-T3 (TECH) Date:07/06/2022

പട്ടികജാതി വികസന വകുപ്പിന്റെ ദക്ഷിണമേഖലയുടെ കീഴിലുള്ള എസ് .പി കോളനി ഐ.റ്റി.ഐ യിൽ ഉപയോഗിച്ചിരുന്ന ഫോട്ടോകോപ്പിയർ കേടായതായും പ്രസ്തുത മെഷീൻ കാലഹരണപ്പെട്ടതിനാൽ ആയത് റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമാക്കുന്നത് ലാഭകരമായിരിക്കുകയില്ലെന്ന് പൊതുമരാമത്ത് വകുപ്പ് ഇലക്ട്രോണിക്സ് വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ കോട്ടയം അറിയിച്ചിട്ടുള്ളതായും ആയതിനാൽ പുതിയ ഒരു A3 Network MEP (Medium Level) ഫോട്ടോകോപ്പിയർ CPRCS (Centralized Procurement and Rate Contract system) മുഖേന വാങ്ങുന്നതിന് അനുമതി നല്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് CPRCS ൽ നിന്ന് ലഭ്യമായ 59,805/- രൂപയുടെ ഇൻവോയ്സ് സഹിതം ദക്ഷിണമേഖല ട്രെയിനിംഗ് ഇൻസ്പെക്ടർ സൂചന പ്രകാരം ശുപാർശ സമർപ്പിച്ചിരുന്നു.

ദക്ഷിണമേഖല ട്രെയിനിംഗ് ഇൻസ്പെക്ടറുടെ ശുപാർശ വിശദമായി പരിശോധിച്ചതിൽ എസ് പി കോളനി ഐ റ്റി ഐ യിൽ നിലവിലുള്ള ഫോട്ടോകോപ്പിയർ കേടായതായും പ്രസ്തുത മെഷീൻ കാലഹരണപ്പെട്ടതിനാൽ ആയത് റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമാക്കുന്നത് സാമ്പത്തികമായി ലാഭകരമായിരിക്കുകയില്ലെന്ന് പൊതുമരാമത്ത് വകുപ്പ് ഇലക്ട്രോണിക്സ് വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ കോട്ടയം അറിയിച്ചിട്ടുള്ളതായും കാണുന്നു.

എസ് പി കോളനി ഐ റ്റി ഐ യുടെ സുഗമമായ പ്രവർത്തനത്തിന് ഫോട്ടോകോപ്പിയർ അനിവാര്യമായതിനാൽ സൂചന പ്രകാരമുള്ള ഇൻവോയ്സിലെ configuration നോടു കൂടിയ പുതിയ ഒരു A3 Network MEP (Medium Level) ഫോട്ടോകോപ്പിയർ CPRCS (Centralized Procurement and Rate Contract system) ന്റെ

File No.SCDD/1976/2022-T3 (TECH)

Kerala e-Governance IT Procurement Portal മുഖേന എസ് പി കോളനി ഐ റ്റി ഐ യിൽ വാങ്ങി സ്ഥാപിക്കുന്നതിന് ദക്ഷിണമേഖല ട്രെയിനിംഗ് ഇൻസ്പെക്ടർക്ക് അനുമതി നൽകിക്കൊണ്ടും ഇതിലേയ്ക്കാവശ്യമായ തുകയായ 59,805/- രൂപ (അൻപത്തിയൊൻപതിനായിരത്തി എണ്ണൂറ്റിയഞ്ച് രൂപ മാത്രം) അനുവദിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ഇതിലേയ്ക്കാവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷത്തെ 2225-01-277-57-34 OC (Plan) എന്ന ശീർഷകത്തിൽ നിന്ന് തേർച്ച ചെയ്യാവുന്നതാണ്. ദക്ഷിണമേഖല ട്രെയിനിംഗ് ഇൻസ്പെക്ടർ പ്രവൃത്തി പൂർത്തീകരിച്ച് ബന്ധപ്പെട്ട രേഖകൾ സഹിതം ധനവിനിയോഗ വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ട്രെയിനിംഗ് ഇൻസ്പെക്ടർ,
ദക്ഷിണമേഖല, തിരുവനന്തപുരം

(ഒപ്പ്)
ഡയറക്ടർ

ഡയറക്ടർക്കു വേണ്ടി,
ട്രെയിനിംഗ് ഓഫീസർ I/c

പകർപ്പ്:- 1) ട്രെയിനിംഗ് സൂപ്രണ്ട് & പ്രിൻസിപ്പാൾ, ഐ റ്റി ഐ എസ് പി കോളനി (അറിവിലേയ്ക്കും തുടർനടപടികൾക്കും)
2) ഫിനാൻസ് സെക്ഷൻ (അലോട്ട്മെന്റ് നൽകുന്നതിന്)
3) പ്ലാനിങ് & മോണിറ്ററിംഗ് സെക്ഷൻ (അറിവിലേയ്ക്ക്)
4) ട്രെയിനിംഗ് ഓഫീസർ
5) സ്റ്റോക്ക് ഫയൽ / സ്പെയർ

File No.

# പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്
## (പ്രസന്റ്: എം.ജി. രാജമാണിക്യം ഐ.എ.എസ്)

വിഷയം: പട്ടികജാതി വികസനം - ദക്ഷിണമേഖല - മാടപ്പള്ളി ഐ.ടി.ഐയിൽ പുതിയ ഒരു ഫോട്ടോകോപ്പിയർ CPRCS മുഖേന വാങ്ങുന്നതിന് അനുമതി നൽകിക്കൊണ്ടും തുക അനുവദിച്ചുകൊണ്ടും ഉത്തരവാകുന്നു

സൂചന: 1) ദക്ഷിണമേഖല ട്രെയിനിംഗ് ഇൻസ്പെക്ടറുടെ 03/02/2022 ലെ നമ്പർ 2-67/2022 നം കത്ത്

Date:28/02/2022

നം.SCDD/[illegible]/2021-T3(TECH)

പട്ടികജാതി വികസന വകുപ്പിന്റെ ദക്ഷിണമേഖലയുടെ കീഴിലുള്ള മാടപ്പള്ളി ഐ.ടി.ഐ യുടെ ഓഫീസിൽ ഉപയോഗിക്കുന്ന ഫോട്ടോകോപ്പിയർ കേടായതായും പ്രസ്തുത മെഷീൻ വളരെ പഴക്കമുള്ളതായതിനാൽ ആയത് ഇനിയും അറ്റകുറ്റ പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുന്നത് സാമ്പത്തികമായി ലാഭകരമല്ലെന്നുമുള്ള പൊതുമരാമത്ത് വകുപ്പ് ഇലക്ട്രോണിക്സ് വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ കോട്ടയത്തിന്റെ പരിശോധന റിപ്പോർട്ടും CPRCS (Centralized Procurement Rate Contract System)ൽ നിന്നുള്ള 59,805/- രൂപയുടെ ഇൻവോയ്സും സഹിതം CPRCS മുഖേന പുതിയ ഒരു ഫോട്ടോകോപ്പിയർ വാങ്ങുന്നതിനുള്ള അനുമതി നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ദക്ഷിണമേഖല ട്രെയിനിംഗ് ഇൻസ്പെക്ടർ സൂചന പ്രകാരം ശുപാർശ സമർപ്പിച്ചിരിക്കുന്നു.

ദക്ഷിണമേഖല ട്രെയിനിംഗ് ഇൻസ്പെക്ടറുടെ ശുപാർശ പരിശോധിച്ചതിൽ മാടപ്പള്ളി ഐ ടി ഐ യിൽ ഓഫീസിലുപയോഗിക്കുന്ന ഫോട്ടോകോപ്പിയറിന്റെ മദർബോർഡ് കേടായതായും, പ്രസ്തുത മെഷീൻ വളരെ പഴക്കമുള്ളതായതിനാൽ ആയത് ഇനിയും അറ്റകുറ്റ പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുന്നത് സാമ്പത്തികമായി ലാഭകരമല്ലെന്ന് പൊതുമരാമത്ത് വകുപ്പ് ഇലക്ട്രോണിക്സ് വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ കോട്ടയം സമർപ്പിച്ച പരിശോധന റിപ്പോർട്ട് പ്രകാരം സാക്ഷ്യപ്പെടുത്തിയിട്ടുള്ളതായി കാണുന്നു.

ഈ സാഹചര്യത്തിൽ മാടപ്പള്ളി ഐ.ടി.ഐ യുടെ സുഗമമായ പ്രവർത്തനത്തിന് ഫോട്ടോകോപ്പിയർ അനിവാര്യമായതിനാൽ സൂചന പ്രകാരമുള്ള ഇൻവോയ്സിലെ configuration ഓട് കൂടിയ പുതിയ ഒരു ഫോട്ടോകോപ്പിയർ CPRCS (Centralized Procurement Rate Contract System) ന്റെ Kerala e-Governance IT Procurement Portal മുഖേന മാടപ്പള്ളി ഐ.ടി.ഐ യിൽ വാങ്ങി സ്ഥാപിക്കുന്നതിന് ദക്ഷിണമേഖല ട്രെയിനിംഗ് ഇൻസ്പെക്ടർക്ക് അനുമതി നൽകിക്കൊണ്ടും ഇതിലേക്കാവശ്യമായ തുകയായ 59,805/- രൂപ (അമ്പത്തൊമ്പതിനായിരത്തി എണ്ണൂറ്റിയഞ്ച് രൂപ മാത്രം) അനുവദിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ഇതിലേക്കാവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷത്തെ 2225-01-277-57-34

Scanned with ACE Scanner

[illegible]

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം

[illegible]

(ഒപ്പ്)
ഡയറക്ടർ

ഡയറക്ടർക്കുവേണ്ടി
ട്രെയിനിംഗ് ഓഫീസർ

പകർപ്പ്:
1) [illegible] (അറിവിലേക്കും തുടർനടപടികൾക്കും)
2) ഫിനാൻസ് സെക്ഷൻ (അക്കൗണ്ട്സ് ഓഫീസർക്ക്)
3) പ്ലാനിംഗ് & മോണിറ്ററിംഗ് സെക്ഷൻ (അറിവിലേക്ക്)
4) ട്രെയിനിംഗ് ഓഫീസർ
5) സ്റ്റോക്ക് ഫയൽ / സ്പെയർ

Scanned with ACE Scanner

# പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്

(നിലവിൽ പി.ഐ. ശ്രീവിദ്യ. ഐ.എ.എസ്)

വിഷയം:- പട്ടികജാതി വികസനം - ദക്ഷിണമേഖലയിലെ മാടപ്പള്ളി ഐ.ടി.ഐ. -യിൽ കമ്പ്യൂട്ടറും UPS -ഉം വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം:- ദക്ഷിണ മേഖല ട്രെയിനിംഗ് ഇൻസ്പെക്ടറുടെ 17/06/2019-ലെ A2/347/19-ാം നമ്പർ കത്ത്.

---

തീയതി: 21/08/2019

**ഉത്തരവ് നമ്പർ റ്റി3-11351/19**

---

പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ ദക്ഷിണമേഖലയിലെ മാടപ്പള്ളി ഐ.ടി.ഐ.-യിലെ ആഫീസ് ആവശ്യത്തിന് ഉപയോഗിച്ചിരുന്ന കമ്പ്യൂട്ടർ കാലപ്പഴക്കത്താലും നിരന്തര ഉപയോഗത്താലും പ്രവർത്തന രഹിതമാണെന്നും ആയത് മാറ്റി പുതിയ കമ്പ്യൂട്ടറും UPS -ഉം വാങ്ങുന്നതിലേയ്ക്ക് PWD Electronics Wing-ന്റെ പരിശോധന റിപ്പോർട്ടിനൊപ്പം PWD Electronics Wing അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 39,124/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് അനുമതി ഉത്തരവ് ലഭ്യമാക്കുന്നതിന് സൂചന പ്രകാരം ദക്ഷിണ മേഖല ട്രെയിനിംഗ് ഇൻസ്പെക്ടർ ശുപാർശ ചെയ്ത് സമർപ്പിച്ചിരിക്കുന്നു.

ദക്ഷിണ മേഖലാ ട്രെയിനിംഗ് ഇൻസ്പെക്ടറുടെ ശുപാർശ വിശദമായി പരിശോധിച്ചതിൽ മാടപ്പള്ളി ഐ.ടി.ഐ.-യിലെ ആഫീസിൽ ഉപയോഗിക്കുന്ന കമ്പ്യൂട്ടർ ഉപയോഗയോഗ്യമല്ലെന്നും വളരെ കാലപ്പഴക്കം ഉള്ളതിനാൽ അവയുടെ പാർട്ട്സ് വിപണിയിൽ ലഭ്യമല്ലെന്നും റിപ്പയർ ചെയ്ത് പ്രവർത്തന ക്ഷമമാക്കുന്നത് ലാഭകരമല്ലെന്നും PWD അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഐ.ടി.ഐ.യുടെ സുഗമമായ പ്രവർത്തനത്തിന് കമ്പ്യൂട്ടർ അത്യാവശ്യമാണെന്ന് കാണുന്നു. മേൽ സാഹചര്യത്തിൽ കോട്ടയം PWD Electronics Wing അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ലഭ്യമാക്കി ദക്ഷിണ മേഖല ട്രെയിനിംഗ് ഇൻസ്പെക്ടർ ശുപാർശ ചെയ്ത്

Scanned with ACE Scanner

സമർപ്പിച്ച എസ്റ്റിമേറ്റ് അംഗീകരിച്ച് മാടപ്പള്ളി ഐ.ടി.ഐ.-യിലേക്ക് ഒരു കമ്പ്യൂട്ടറും UPS -ഉം മാത്രം PWD മുഖേന വാങ്ങുന്നതിന് ദക്ഷിണ മേഖല ട്രെയിനിംഗ് ഇൻസ്പെക്ടർക്ക് 39,124/- രൂപ (മുപ്പത്തി ഒൻപതിനായിരത്തി ഒരുനൂറ്റി ഇരുപത്തിനാല് രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.

ദക്ഷിണ മേഖലാ ട്രെയിനിംഗ് ഇൻസ്പെക്ടർ SPR പ്രകാരം നടപടി സ്വീകരിക്കേണ്ടതാണ്. ഇതിലേക്കാവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷത്തെ 2225-01-277-57-34 OC(P) എന്ന ശീർഷകത്തിൽ നിന്നും തേർച്ച ചെയ്യാവുന്നതാണ്.

(ഒപ്പ്)

ഡയറക്ടർ

ദക്ഷിണ മേഖല ട്രെയിനിംഗ് ഇൻസ്പെക്ടർ

പകർപ്പ് :-

1. മാടപ്പള്ളി ITI ട്രെയിനിംഗ് സൂപ്രണ്ട്
2. ഫിൻ സെക്ഷൻ/പ്ലാനിംഗ് സെക്ഷൻ
3. ട്രെയിനിംഗ് ഓഫീസർ
4. സ്റ്റോക്ക് ഫയൽ/സ്പെയർ

ഡയറക്ടർക്കു വേണ്ടി

ട്രെയിനിംഗ് ഓഫീസർ

എം.ബി. 24/8/19

Scanned with ACE Scanner